**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3638** **05-08-2021 - ൽ മറുപടിയ്ക്ക്**

**സൗരോർജ്ജ വൈദ്യുതി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഇരുന്നൂറ് മെഗാവാട്ട് സൗരോർജ്ജ വൈദ്യുതി വാങ്ങുന്നതിനായി സമീപകാലത്ത് കെ. എസ്. ഇ. ബി. കരാർ ഒപ്പ് വെച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ യൂണിറ്റിന് എത്ര രൂപ നിരക്കിൽ ആണ് കരാർ ഒപ്പ് വെച്ചത്; കരാറിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എ) | ഉണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (KSERC) 05.02.2021-ൽ അംഗീകരിച്ച കരാർ പ്രകാരം, യൂണിറ്റിന് 2.097 രൂപ നിരക്കിലാണ് സൗരോർജ്ജ വൈദ്യുതി വാങ്ങുന്നത്. 18.09.2020-ൽ കെ.എസ്.ഇ.ബി 200 മെഗാവാട്ട് സൗരോർജജ വൈദ്യുതി വാങ്ങുന്നതിന് അഖിലേന്ത്യാ അടിസ്ഥാനത്തിൽ ഡീപ് (DEEP) പോർട്ടൽ മുഖേന മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 90 മെഗാവാട്ട് വൈദ്യുതി എൻ.റ്റി.പി.സി, 110 മെഗാവാട്ട് വൈദ്യുതി ടാറ്റാ പവർ കമ്പനി ലിമിറ്റഡ് എന്നിവരിൽ നിന്നും വാങ്ങുന്നതിന് KSERC –യുടെ അനുമതിയോടു കൂടി 06.01.2021-ൽ ലെറ്റർ ഓഫ് അവാർഡ് നൽകുകയുണ്ടായി. 05.02.2021-ൽ പ്രസ്തുത കമ്പനിയുമായി കരാറിലാകുകയും എൻ.റ്റി.പി.സി. -യുടെ കരാറിന് KSERC 21.06.2021-ലും, ടാറ്റാ പവർ കമ്പനി ലിമിറ്റഡിന്റെ കരാറിന് 23.06.2021-ലും അംഗീകാരം നൽകുകയുണ്ടായി. പ്രസ്തുത കരാറുകൾ എക്സിക്യൂട്ട് ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ